


Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# അന്തർ ജില്ലാ കവർച്ച സംഘം പാലക്കാട് ടൗൺ സൗത്ത് പോലീസിൻെറ പിടിയിൽ



പാലക്കാട്,തൃശ്ശൂർ ജില്ലകൾ കേന്ദ്രികരിച്ചു ബൈക്കുകളിലും കാറിലും സഞ്ചരിച്ച് കവർച്ച നടത്തുന്ന പാലക്കാട് മമ്പറം സ്വദേശി പ്രമോദ് (32) കൊടുമ്പ് സ്വദേശി സുഭാഷ് (24) ഇവരുടെ സുഹൃത്തുക്കൾ ആയ മമ്പറം സ്വദേശി ആദർശ് (28) കിണാശേരി സ്വദേശി സഞ്ജയ് രാജ് എന്ന സഞ്ജു (27) കൊടുമ്പ് സ്വദേശി മനോജ് എന്ന കിളി മനോജ് (30) എന്നിവരാണ് ടൗൺ സൗത്ത് പോലീസിൻെറ പിടിയിലായത്. പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം കോമ്പിങ്ങ്ൻെറ ഭാഗമായി ടൗൺ സൗത്ത് പോലീസ് SHO R.മനോജ്കുമാറിൻെറ നേതൃത്വത്തിൽ ടൗൺ സൗത്ത് SI മുരളീധരൻ V.S ഉം പോലീസ് സംഘവും കിണാശേരിയിൽ വാഹന

പരിശോധന നടത്തുന്ന സമയം പ്രമോദും ,സുഭാഷും പോലീസ് വാഹനം കണ്ടു തിരിഞ്ഞു പോകാൻ ശ്രമിക്കുമ്പോൾ SI യും പോലീസ് പാർട്ടിയും ചേർന്ന് പിടികൂടി വാഹനത്തിൻെറ നമ്പർ പരിശോധിച്ചതിൽ വ്യാജമാണ് എന്ന് മനസിലാവുകയും, തുടർന്ന് സ്റ്റേഷനിൽ എത്തിച്ച് ചോദ്യം ചെയ്തതിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടന്ന നിരവധി കവർച്ചകളിലെ പ്രതികളാണെന്ന് തിരിച്ചറിഞ്ഞു. ശേഷം പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു. പ്രതികൾ കൂടുതൽ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പോലീസ് അന്വേഷിച്ച് വരുകയാണ്.

പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശ്ശ പ്രകാരം പാലക്കാട് ടൗൺ സൗത്ത് സി. .ഐ മനോജ് കുമാറിൻെറ നേതൃത്വത്തിൽ ടൗൺ സൗത്ത് എസ്.ഐ മുരളീധരൻ, SCPO രമേശ് ക്രൈം സ്ക്വാഡ് അംഗങ്ങളായ സാജിദ്.സി.എസ്, സത്താർ സുനീഷ് , ഷാനോസ്, സജീഷ്, തമീം, സൈബർ സെല്ലിലെ ഉദ്യോഗസ്ഥരായ ഷെബിൻ, ഗിരിരാജ് എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷിച്ചത്.

.............................................